ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 79-ാമത് സ്വാതന്ത്ര്യദിനത്തെ വരവേൽക്കാനൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും.

   The nation is gearing up to celebrate the 79th Independence Day. President Droupadi Murmu will address the nation today at 7 PM.

2. നാളെ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തും; നവ ഭാരതമെന്ന പ്രമേയത്തിൽ രാജ്യമെമ്പാടും ആഘോഷങ്ങൾ.

   Tomorrow, Prime Minister Narendra Modi will hoist the national flag at the Red Fort in Delhi; Celebrations across the country with the theme 'Naya Bharat'.

3. സൗരോർജ്ജ പാനൽ നിർമ്മാണത്തിൽ നിർണ്ണായകനേട്ടം കൈവരിച്ച് ഇന്ത്യ. രാജ്യത്തെ 'സോളാർ പി വി മൊഡ്യൂൾ' ഉത്പാദനശേഷി നൂറ് ജിഗാവാട്ട് കടന്നു.

India achieves major milestone in solar energy panel production; Solar PV module manufacturing capacity crosses 100 GW.

4. കേരളത്തിൽ, കണ്ണൂർ ജില്ലയെ ഇന്ന് അതിദാരിദ്ര്യ മുക്ത ജില്ലയായി പ്രഖ്യാപിക്കും. മന്ത്രി എം.ബി രാജേഷ് പ്രഖ്യാപനം നടത്തും.

   Kannur to be declared an extreme poverty-free district in Kerala today; Minister M.B. Rajesh to make the announcement.

5. കേരളം, തീരദേശ ആന്ധ്ര പ്രദേശ്, ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rain likely in Kerala, coastal Andhra Pradesh, Jammu & Kashmir, and Himachal Pradesh; Fishing banned along Kerala, Karnataka, and Lakshadweep coasts today and tomorrow.

6. 2030-ൽ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാനുള്ള നീക്കങ്ങൾക്ക് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അംഗീകാരം.

   Indian Olympic Association approves bid to host 2030 Commonwealth Games.

&&&&&&&&&&&&&&&&&&

**PRESIDENT ADDRESS**

79-ാമത് സ്വാതന്ത്ര്യദിനത്തെ ആഘോഷപൂർവം വരവേൽക്കാനൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ മുഴുവൻ ശൃംഖലകളിലും അഭിസംബോധന പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ എല്ലാ ചാനലുകളിലും ഹിന്ദി, ഇംഗ്ലീഷ് പതിപ്പുകൾ സംപ്രേഷണം ചെയ്യും. തുടർന്ന് പ്രാദേശിക ഭാഷകളിലും സംപ്രേഷണമുണ്ടാകും. ഇന്ന് രാത്രി 9:30 ന് ആകാശവാണിയുടെ പ്രാദേശിക ഭാഷാ പതിപ്പുകൾ പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&&

## INDEPENDENCE DAY CELEBRATIONS

നാളെ സ്വാതന്ത്ര്യദിനത്തിൽ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം മുൻനിർത്തി , നവ ഭാരതം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ആഘോഷങ്ങൾ. ന്യൂഡൽഹിയിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 210 പഞ്ചായത്തു തല പ്രതിനിധികൾ പ്രത്യേക അതിഥികളാകും. സ്വാതന്ത്ര്യദിനത്തിൽ പൂർണ സുരക്ഷ ഉറപ്പാക്കാൻ വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സ്വാതന്ത്ര്യദിന ചടങ്ങിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാൻ

സൗകര്യമൊരുക്കുന്നതിനായി ഡൽഹി മെട്രോ പുലർച്ചെ 4 മണിക്ക് സർവീസുകൾ ആരംഭിക്കും.

&&&&&&&&&&&&&&&&&&

## ID - STATES

വിപുലമായ സ്വാതന്ത്ര്യ ദിനാഘോഷത്തിനൊരുങ്ങി സംസ്ഥാനങ്ങളും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും. ജില്ലകളിൽ നടക്കുന്ന ആഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും.

&&&&&&&&&&&&&&&&&&

## SONOWAL- HAR GHAR TIRANGA

ഹർ ഘർ തിരംഗ പ്രചാരണത്തിന് രാജ്യമെമ്പാടും ആവേശകരമായ പ്രതികരണം. അസമിലെ ദീബ്രുഗഢിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പ്രചാരണത്തിന് തുടക്കമിട്ടു. പ്രമുഖർക്കും, വിദ്യാർത്ഥികൾക്കും അദ്ദേഹം ത്രിവർണ പതാക സമ്മാനിച്ചു. കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി ജാർഖണ്ഡിലെ തന്റെ

വസതിയിൽ ത്രിവർണ്ണ പതാക ഉയർത്തി. കേരളത്തിലും തിരംഗ റാലികളും പരിപാടികളും പുരോഗമിക്കുകയാണ്. ക്യാമ്പയിൻ നാളെ അവസാനിക്കും.

&&&&&&&&&&&&&&&&&&

**JAISHANKAR - TOURISM-INTRO**

ആഗോള അനിശ്ചിതത്വങ്ങളെ നേരിടാൻ ആത്മനിർഭരത മനോഭാവം അനിവാര്യമെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെട്ട് ന്യൂ ഡൽഹിയിൽ നടന്ന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയിസ്) 'ഇ-വിസ' സംവിധാനം ഇന്ത്യയിലേക്കുള്ള സന്ദർശനം അനായാസമാക്കിയതായി വിദേശകാര്യമന്ത്രി പറഞ്ഞു. കഴിഞ്ഞ ഒരു ദശകം കൊണ്ട് വിമാനത്താവളങ്ങളുടെ എണ്ണം ഇരട്ടിയായതായും, റെയിൽ ഗതാഗതം വലിയ മാറ്റങ്ങൾക്ക് വിധേയമായതായും ശ്രീ. ജയ്ശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**JOSHI- SOLAR GIGAWATT**

സൗരോർജ പാനൽ നിർമ്മാണത്തിൽ നിർണ്ണായകനേട്ടം കൈവരിച്ച് ഇന്ത്യ. രാജ്യത്തെ 'സോളാർ പി വി മൊഡ്യൂൾ' ഉത്പാദനശേഷി നൂറ് ജിഗാവാട്ട് കടന്നു. 2014 ൽ ഇത് 2.3 ജിഗാവാട്ട് ആയിരുന്നു. സ്വയംപര്യാപ്തതയിലേക്കുള്ള യാത്രയിലെ നാഴികക്കല്ലാണ് നേട്ടമെന്ന്, പ്രധാനമന്ത്രി

നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ശക്തവും സ്വയം പര്യാപതവുമായ സൗരോർജ്ജ ഉത്പാദനവ്യവസ്ഥ കെട്ടിപ്പടുക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നതെന്ന് കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രി പ്രൽഹാദ് ജോഷി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LAVROV-JAISHANKAR MEETING

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ഈ മാസം 21 ന് മോസ്കോയിൽ കൂടിക്കാഴ്ച നടത്തും. സുപ്രധാന ഉഭയകക്ഷി വിഷയങ്ങളും സഹകരണത്തിന്റെ വിവിധ വശങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്യുമെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ റഷ്യ സന്ദർശനത്തിന് പിന്നാലെയാണ് വിദേശകാര്യമന്ത്രിയുടെ കൂടിക്കാഴ്ച.

&&&&&&&&&&&&&&&&&&

## WANG YI INDIA VISIT

ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി ഈ മാസം 18 ന് ഇന്ത്യ സന്ദർശിക്കും. 31 മുതൽ സെപ്റ്റംബർ 1 വരെ ടിയാൻജിനിൽ നടക്കാനിരിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനയിലേക്ക് പോകുന്നതിന് മുന്നോടിയായാണ് സന്ദർശനം. 2020 ലെ ഗാൽവാൻ

സംഘർഷത്തിന് ശേഷം ചൈനയിലേക്കുള്ള പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&

## M B RAJESH

കണ്ണൂർ ജില്ലയെ ഇന്ന് അതിദാരിദ്ര്യ മുക്ത ജില്ലയായി പ്രഖ്യാപിക്കും. മന്ത്രി എം.ബി രാജേഷ് പ്രഖ്യാപനം നടത്തും. സംസ്ഥാനത്താദ്യമായി അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിച്ച കുറ്റിയാട്ടൂർ ഗ്രാമപഞ്ചായത്ത്, എടക്കാട് ബ്ലോക്ക്പഞ്ചായത്ത്, ധർമ്മടം നിയമസഭാ മണ്ഡലം എന്നിവ കണ്ണൂർ ജില്ലയിലാണ്.

&&&&&&&&&&&&&&&&&&

## PREZ – AMRIT UDYAN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനത്തിൻറെ വേനൽക്കാല വാർഷിക പ്രദർശനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ മുതൽ സെപ്റ്റംബർ 14 വരെ പൊതുജനങ്ങൾക്ക് സൗജന്യമായി ഉദ്യാനം സന്ദർശിക്കാം. രാവിലെ 10 മുതൽ വൈകുന്നേരം 6 വരെയാണ് പ്രവേശനം. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഈ മാസം 29 ന് കായികതാരങ്ങൾക്കും അധ്യാപക ദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 5 ന് അധ്യാപകർക്കും പ്രവേശനം ലഭിക്കും. തിങ്കളാഴ്ച ദിവസങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

&&&&&&&&&&&&&&&&&&

## SC – STRAY DOG

തെരുവ് നായ വിഷയവുമായി ബന്ധപ്പെട്ട് അടുത്തിടെ നൽകിയ ഉത്തരവ് പുനഃ പരിശോധിക്കുമെന്ന് സുപ്രീംകോടതി. ജസ്റ്റിസ്റ്റുമാരായ വിക്രം നാഥ്, സന്ദീപ് മെഹ്ത, എൻ.വി അൻജാരിയ എന്നിവർ അടങ്ങുന്ന ബെഞ്ച് ആകും വിഷയം പരിഗണിക്കുക. ഇത് സംബന്ധിച്ച് ഇന്ന് കോടതി വാദം കേൾക്കും. ഡൽഹിയിലെ ജനവാസ മേഖലകളിൽ നിന്നും തെരുവ് നായകളെ വന്ധ്യംകരിച്ച് സ്ഥിരം ഷെൽട്ടറുകളിലേക്ക് മാറ്റണമെന്നായിരുന്നു കോടതി നേരത്തെ നൽകിയ നിർദ്ദേശം.

&&&&&&&&&&&&&&&&&&

## IOA – CWG –INTRO

2030-ൽ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാനുള്ള നീക്കങ്ങൾക്ക് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അംഗീകാരം. ഡൽഹിയിൽ ഇന്നലെ ചേർന്ന അസോസിയേഷൻ പ്രത്യേക പൊതുയോഗത്തിലായിരുന്നു തീരുമാനം. സമയപരിധി അവസാനിക്കുന്ന ഈ മാസം 31-ന് മുമ്പ് ഇന്ത്യ ആതിഥേയത്വത്തിനായുള്ള അന്തിമ അപേക്ഷ നൽകും. തീരുമാനത്തിൽ ഏറെ സന്തോഷമുണ്ടെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധ്യക്ഷ പി ടി ഉഷ പ്രതികരിച്ചു. **(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&&&&&&

## AFC CHAMPIONS LEAGUE

ഫുട്ബോളിൽ, എഫ്സി ഗോവ AFC ചാമ്പ്യൻസ് ലീഗ് ടൂർണമെന്റിന്റെ ഗ്രൂപ്പ് ഘട്ടത്തിലേക്ക് യോഗ്യത നേടി. ഇന്നലെ ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഒമാനി ചാമ്പ്യന്മാരായ അൽ സീബ് ക്ലബ്ബിനെ എഫ്സി ഗോവ 2-1 ന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## IMD WEATHER

ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, കിഴക്കൻ മധ്യപ്രദേശ്, വിദർഭ, തീരദേശ ആന്ധ്ര പ്രദേശ് എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തരാഖണ്ഡിലും അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഹിമാചൽ പ്രദേശിൽ, കുളു ജില്ലയിലെ മൂന്നിടങ്ങളിൽ ഉണ്ടായ മേഘവിസ്ഫോടനങ്ങൾ തീർത്ഥൻ താഴ്‌വരയിലും സമീപത്തുള്ള ഗ്രാമപ്രദേശങ്ങളിലും വെള്ളപ്പൊക്കത്തിന് കാരണമായി. ബിഹാറിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ഭഗൽപൂർ, ബെഗുസാരായി, പട്ന തുടങ്ങിയ ഇടങ്ങളിൽ കനത്ത നാശനഷ്ടമുണ്ടായി.

&&&&&&&&&&&&&&&&&&

## RAIN – KERALA

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ കേരളത്തിൽ അടുത്ത 4 ദിവസം മഴയ്ക്ക്

സാധ്യത. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## TRUMP-PUTIN

യുക്രൈനിലെ സമാധാനത്തിന് തടസ്സം സൃഷ്ടിച്ചാൽ കടുത്ത പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിന് മുന്നറിയിപ്പ് നൽകി. വെള്ളിയാഴ്ച അലാസ്കയിൽ നടക്കാനിരിക്കുന്ന കൂടിക്കാഴ്ച ഫലം കണ്ടില്ലെങ്കിൽ കർശന നടപടിയുണ്ടാകുമെന്നും ട്രംപ് സൂചന നൽകി.

&&&&&&&&&&&&&&&&&&

## CEA- TARIFFS

ഇന്ത്യക്കുമേൽ അമേരിക്ക ഏർപ്പെടുത്തിയ ഉയർന്ന ചുങ്കത്തിന്റെ ആഘാതം ഹ്രസ്വകാലത്തേക്ക് ആയിരിക്കുമെന്ന് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി. അനന്ത നാഗേശ്വരൻ. രത്നങ്ങൾ, ആഭരണങ്ങൾ, ചെമ്മീൻ, തുണിത്തരങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ ആകും പ്രാരംഭഘട്ടത്തിൽ പ്രശ്നങ്ങൾ നേരിടുക. ചുങ്കങ്ങളുടെ ദീർഘകാല ആഘാതം പരിമിതമായിരിക്കുമെന്നും അദ്ദേഹം മുംബൈയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&